## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6357**      **10-07-2024 - ൽ മറുപടിയ്ക്ക്**

### ആലപ്പുഴ നഗരസഭയിൽ നടപ്പാക്കുന്ന അമൃത് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അടൽ മിഷൻ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ (അമൃത്) പദ്ധതിയുടെ ഭാഗമായി ആലപ്പുഴ നഗരസഭയിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിയ്ക്കും നീക്കി വെച്ചിട്ടുള്ള തുക എത്രയെന്നും ഇവയുടെ ഓരോന്നിന്റെയും ഇതുവരെയുള്ള നിർമ്മാണ പുരോഗതി സഹിതം വിശദമാക്കാമോ; | (എ) | <u>അമൃത് 1.0 പദ്ധതി</u><br>• ഒന്നാം ഘട്ടത്തിൽ 4 ഉന്നതതല ജല സംഭരണികളുടെ നിർമ്മാണവും കരുമാടി പ്ലാൻറിൽ ഫ്ളോമീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തിയും ആലിശ്ശേരിയിൽ ഒരു വാട്ടർ കിയോസ്കിന്റെ നിർമ്മാണവുമാണ് ഉണ്ടായിരുന്നത്. (ഭരണാനുമതി തുക - 33.90 കോടി രൂപ ) - ഈ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>• രണ്ടാം ഘട്ടത്തിൽ സോൺ 3 & 4 - ലായി 124 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കലും 7500 വാട്ടർ കണക്ഷനുകൾ പുതിയ ലൈനിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും 10 വാട്ടർകിയോസ്കുകളുടെ നിർമ്മാണവുമാണ് ഉണ്ടായിരുന്നത്. (ഭരണാനുമതി തുക 55.105 കോടി രൂപ) - ടി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>• മൂന്നാം ഘട്ടത്തിൽ 6 & 9 സോണുകൾക്കായി 192.289 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കലും 8000 വാട്ടർ കണക്ഷനുകൾ പുതിയ ലൈനിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും 10 പുതിയ വാട്ടർ കിയോസ്കുകളുടെ നിർമ്മാണവുമാണ് ഉണ്ടായിരുന്നത്. (ഭരണാനുമതി തുക 67.215 കോടി രൂപ )<br><br>ഈ പ്രവൃത്തിയിൽ സോൺ 6 & 9 ഉൾപ്പെട്ട മേഖലയിൽ ഏകദേശം 181.63 കി.മീ. പൈപ്പ് ലൈൻ സ്ഥാപിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. 10 വാട്ടർ കിയോസ്കുകളുടെ നിർമ്മാണം പൂർത്തിയായി.<br><br>ആലിശ്ശേരി (28 ദശലക്ഷം ലിറ്റർ), കൊമ്മാടി (21 ദശലക്ഷം ലിറ്റർ), തത്തംപള്ളി (12 ദശലക്ഷം ലിറ്റർ), പഴവങ്ങാടി (10 ദശലക്ഷം ലിറ്റർ) എന്നിവിടങ്ങളിൽ 4 |

| | | | | |
|---|---|---|---|---|
| | | | | പുതിയ ജലസംഭരണികളും നഗരത്തിന്റെ കിഴക്കൻ പ്രദേശം ഉൾക്കൊള്ളുന്ന വാർഡ് 5,6,17,18,19 (സോൺ-3), വാർഡ് 7,15,16,23 (സോൺ-4) വാർഡ് 8,13,14,26 (സോൺ-6), വാർഡ് 9,10,11,12,27,28,29 (സോൺ-9) എന്നീ മേഖലകളിൽ 315 കി.മീറ്റർ ദൈർഘ്യത്തിലുള്ള പഴയ കുടിവെള്ള പൈപ്പ് ലൈനുകൾ മാറ്റി പുതിയ വിതരണ ശൃംഖലകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുമാണ് നടപ്പാക്കിയത്. കൂടാതെ ആലപ്പുഴ നഗരസഭയിൽ വിവിധ വാർഡുകളിലായി 21 കുടിവെള്ള കിയോസ്കുകൾ സ്ഥാപിച്ചു.<br><br><u>അമൃത് **2.0** പദ്ധതി</u><br><br>ആലപ്പുഴ നഗരത്തിന്റെ ജലവിതരണ ശൃംഖലയുടെ വിപുലീകരണത്തിനും നവീകരണത്തിനുമായി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 4 പ്രവൃത്തികൾക്ക് 38.989കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ വിവരം താഴെ പറയുന്നു.<br><br>**1**. <u>മുനിസിപ്പാലിറ്റിയിലെ 33 കി.മീ. പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- 8.493 കോടി രൂപ -</u><br><br>പ്രവൃത്തിയിൽ നാളിതുവരെ ഏകദേശം 19 കി.മീ. ദൂരം പൈപ്പ് ലൈൻ സ്ഥാപിച്ച് കണക്ഷൻ ആൾട്ടറേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.<br><br><u>**2.**നെഹ്റുട്രോഫി വാർഡിൽ കാവുങ്കൽ ജെട്ടിക്ക് സമീപം വാട്ടർ കിയോസ്ക് സ്ഥാപിക്കുന്ന പ്രവൃത്തി - 0.275കോടി രൂപ -</u><br><br>വൈദ്യുത കണക്ഷൻ ഒഴിച്ച് ബാക്കിയെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. നെഹ്റുട്രോഫി ഫിനിഷിംഗ് പോയിന്റിൽ സ്ഥാപിക്കുവാനുള്ള കിയോസ്കിന്റെ സ്ഥലം മുനിസിപ്പാലിറ്റിയിൽ നിന്നും കൈമാറിക്കിട്ടിയിട്ടില്ല.<br><br>**3.** <u>ആലപ്പുഴ നഗരസഭാ പരിധിയിൽ 7500 വാട്ടർ കണക്ഷനുകൾ നൽകുന്ന പ്രവൃത്തി- 28.445 കോടി രൂപ</u><br><br>പ്രവൃത്തി പുരോഗമിക്കുന്നു. നാളിതുവരെ ഏകദേശം 1360 ഓളം കണക്ഷനുകൾ നൽകി കഴിഞ്ഞു.<br><br>**4**. <u>കരുമാടി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലും കടപ്രയിലെ റോ വാട്ടർ പമ്പിംഗ് മെയിൻ പ്ലാൻറിലേയ്ക്കും പുതിയ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി -1.776 കോടിരൂപ</u><br><br>പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ മുതൽമുടക്ക് ആരൊക്കെയാണ് നിർവ്വഹിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | അമൃത് 1.0 യിൽ കേന്ദ്ര വിഹിതം 50% ഉം, സംസ്ഥാന വിഹിതം 30% ഉം, തദ്ദേശ സ്വയംഭരണസ്ഥാപനം 20% വുമാണ്. അമൃത് 2.0 യിൽ കേന്ദ്ര വിഹിതം 33.33% ഉം, സംസ്ഥാന വിഹിതം 50% ഉം, തദ്ദേശ സ്വയംഭരണസ്ഥാപനം 16.67% വുമാണ്. |
| (സി) | കിഫ്ബി ഫണ്ടുപയോഗിച്ച് ആലപ്പുഴ നഗരസഭയ്ക്കായി നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും ഇവയ്ക്കായി എത്ര തുകയാണ് മാറ്റിവെച്ചിട്ടുള്ളതെന്നും ഇവയുടെ ഇതുവരെയുള്ള നിർമ്മാണ പുരോഗതി സഹിതം വിശദമാക്കാമോ? | (സി) | ആലപ്പുഴ മുനിസിപ്പാലിറ്റിയിലേയും, ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലേയും ജലവിതരണ ശൃംഖലയുടെ വിപുലീകരണത്തിനും, നവീകരണത്തിനും വേണ്ടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും 299.311 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി കിഫ്ബി മുഖാന്തരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ 7 ഉന്നതതല ജലസംഭരണികളും, 2.80 കിലോമീറ്റർ ട്രാൻസ്മിഷൻ മെയിനും, 2.8 കി.മി (മാരാരിക്കുളം തെക്ക്), 6.5 കി.മി (മണ്ണഞ്ചേരി), 0.62 കി.മി (ആര്യാട്), 580 കിലോമീറ്റർ വിതരണ ശൃംഖലയുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ പദ്ധതി നിലവിൽ 9 പാക്കേജുകളാണ് ഉള്ളത്. ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ 3,74,518 ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.<br><br>ഈ പദ്ധതിയുടെ ആലപ്പുഴ നഗരസഭക്കായി നടപ്പാക്കുന്ന പാക്കേജുകളുടെ (പാക്കേജ് 1, 2, 3, 4, 7, 8 & 9) വിവരം താഴെ ചേർക്കുന്നു.<br><br>**<u>പാക്കേജ് 1-</u>**ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ചാത്തനാട് 16 LL സംഭരണശേഷിയുള്ള OHSR, 5 LL സംഭരണ ശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും, വടികാട് ഭാഗത്ത് 16 LL സംഭരണശേഷിയുള്ള OHSR, 3 LL സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ (കാട്ടൂർ) 12 LL സംഭരണശേഷിയുള്ള OHSR, 3 LL സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും ഇതിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (2.6 കി.മീ.) ഉം അനുബന്ധ മോട്ടോറുകളും പമ്പുകളും കൂടാതെ ഓപ്പറേറ്റർമാർക്കുള്ള ക്വാർട്ടേഴ്സും കലവൂർ സർവ്വോദയപുരം ഭാഗത്തെ റെയിൽവേ ക്രോസ്സിംഗും ഈ പാക്കേജിൽ ഉൾപ്പെടുന്നു. ടി പ്രവൃത്തിക്ക് 20.77 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.<br><br>പ്രവൃത്തി 90% പൂർത്തീകരിച്ചു. റെയിൽവെ ക്രോസ്സിംഗിന് 07.05.2024 ന് അനുമതി ലഭിച്ചു. മഴ കാരണം നിലവിൽ വെള്ളം നിൽക്കുന്ന അവസ്ഥയിൽ ആയതിനാൽ പ്രവൃത്തി |

നടത്തുന്നതിനു റെയിൽവേ അനുവദിച്ചിട്ടില്ല. മാരാരിക്കുളം പഞ്ചായത്തിലെ കാട്ടൂരിൽ പൂർത്തിയായ ജലസംഭരണി കമ്മീഷൻ ചെയ്യണമെങ്കിൽ പാക്കേജ് 5 ന്റെ ടെണ്ടർ അവർഡ് ചെയ്ത് വിതരണ ശൃംഖല പൂർത്തീകരിക്കേണ്ടതുണ്ട്. വടികാട്, ചാത്തനാട് ജലസംഭരണികൾ നിലവിലെ വിതരണ ശൃംഖലയിലേക്ക് ഇന്റർ കണക്ട് ചെയ്ത് കമ്മീഷൻ ചെയ്യാൻ സാധിക്കും.

**<u>പാക്കേജ് 2-</u>**ആലപ്പുഴ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന ചുട്ടകാട്, ചന്ദനക്കാവ്, എന്നീ ഭാഗങ്ങളിൽ യഥാക്രമം 16 LL, 12 LL, സംഭരണശേഷിയുള്ള ഉന്നതതല ജല സംഭരണികളുടെ നിർമ്മാണമാണ് ഈ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്- ടി പ്രവൃത്തിക്ക് 12.41 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

പ്രവൃത്തി 55% പൂർത്തീകരിച്ചു. ചുട്ടകാട് ഉന്നതതല ജലസംഭരണിയുടെ ഫ്ളോർ സ്ലാബിന്റെ ഷട്ടറിംഗ്, സ്റ്റീൽ വർക്കുകൾ പുരോഗമിക്കുന്നു. ചന്ദനക്കാവ് ഉന്നതതല ജലസംഭരണിയുടെ നാലാം ബ്രേസ് ബീമിന്റെ കോൺക്രീറ്റിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചു. തുടർ പ്രവൃത്തി പുരോഗമിക്കുന്നു.

**<u>പാക്കേജ് 4-</u>**ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ കൊമ്മാടി ഉന്നതതല ജലസംഭരണിയിൽ നിന്നും സോൺ 1 ലേക്കുള്ള വിതരണ ശൃംഖലയും, റെയിൽവേ ക്രോസ്സിംഗും (2 Nos. മംഗലം, മാളികമുക്ക്) ഈ പാക്കേജിൽ ഉൾപ്പെടുന്നു- നിരവധി തവണ റീ ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് 43.21 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**<u>പാക്കേജ് 7-</u>** ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ചാത്തനാട് ഉന്നതതല ജലസംഭരണിയിൽ നിന്നും സോൺ 2 ലേക്കുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയാണ് ഈ പാക്കേജിൽ ഉൾപ്പെടുന്നത്. നിരവധി തവണ റീ ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് 34.01 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**<u>പാക്കേജ് 8-</u>** ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ആലിശ്ശേരി ഉന്നതതല ജലസംഭരണിയിൽ നിന്നും സോൺ 7 ലേക്കുള്ള വിതരണ ശൃംഖലയും, റെയിൽവേ ക്രോസ്സിംഗും (1 Nos. റിക്രിയേഷൻ ഗ്രൗണ്ട്) ഈ പാക്കേജിൽ ഉൾപ്പെടുന്നു. നിരവധി

| | | | |
|---|---|---|---|
| | | | തവണ റീ ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് 35.49 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>**<u>പാക്കേജ് 9-</u>** ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ചുടുകാട് ഉന്നതതല ജലസംഭരണിയിൽ നിന്നും സോൺ 8 ലേക്കുള്ള വിതരണ ശൃംഖലയും, റെയിൽവേ ക്രോസ്സിംഗും (1 Nos.- വട്ടയാൽ ) ഈ പാക്കേജിൽ ഉൾപ്പെടുന്നു. നിരവധി തവണ റീ ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ